(ഡി) എത്ര ശതമാനം ഉപഭോക്താക്കൾക്ക് കൺസ്യൂമർ കാർഡിന് അപേക്ഷ നൽകിയിട്ടുണ്ട് ;

(ഇ) പ്രസ്തുത കാർഡിന് അപേക്ഷ നൽകിയവരുടെ എണ്ണം കുറയുവാനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) രണ്ടു പ്രാവശ്യം.

(സി) വിവരം ശേഖരിച്ചു സമർപ്പിക്കുന്നതാണ്.

(ഡി) ഏകദേശം എൺപത് ശതമാനത്തോളം ഉപഭോക്താക്കൾ കൺസ്യൂമർ കാർഡിന് അപേക്ഷ നൽകിയിട്ടുണ്ട്.

(ഇ) പ്രസക്തമല്ല.

'പ്രകാശകേരളം പ്രശാന്ത കേരളം' പദ്ധതി

70 (910) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വൈദ്യുത മേഖലയിൽ 'പ്രകാശകേരളം പ്രശാന്ത കേരളം' പദ്ധതി അനുസരിച്ച് എന്തൊക്കെ നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്. *

'പ്രകാശകേരളം, പ്രശാന്ത കേരളം ' പദ്ധതി അനുസരിച്ചുള്ള വൈദ്യുതി കണക്ഷനുകൾ

71 (911) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'പ്രകാശകേരളം പ്രശാന്ത കേരളം' പദ്ധതി അനുസരിച്ച് ഈ വർഷം എത്ര വൈദ്യുതി കണക്ഷൻ ആണ് നൽകാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്ത് ഈ വർഷം എത്രപേർക്കാണ് സൗജന്യ വൈദ്യുതി കണക്ഷൻ നൽകാൻ ഉദ്ദേശിക്കുന്നത് ;

(സി) പൊതു കാറ്റഗറിയിൽ വീട്ടാവശ്യത്തിന് വൈദ്യുതി കണക്ഷൻ നൽകുന്നതിന് ഇപ്പോൾ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly